# ACADAMIC MASTER PLAN

## AL HAYATH ENGLISH SCHOOL KADAVALLUR

## (2025 – 2026)

# ആമുഖം

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ പഞ്ചായത്തിൽ ആണ് അൽ ഹയാത്ത് ഇംഗ്ലീഷ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. അധ്യാപകരുടെ ഗുണമേന്മ മെച്ചപ്പെടുത്തിയും, വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കിയാണ് അൽ ഹയാത്ത് ഇംഗ്ലീഷ് സ്കൂൾ 2025-26 അധ്യയനവർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് അറിവ്, കഴിവ്, മൂല്യങ്ങൾ എന്നിവയിൽ ഊന്നിയ വിദ്യാഭ്യാസം നൽകുന്നതിനൊപ്പം അവരുടെ സൃഷ്ടിപരമായ ചിന്ത, ഗവേഷണ മനോഭാവം, സാമൂഹിക ഉത്തരവാദിത്ത ബോധം വളർത്തുക എന്നതാണ് ലക്ഷ്യം. PTA, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയുന്നു. കലാ-കായിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ പാഠ്യേതര രംഗത്തുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നു.

# അക്കാദമിക ലക്ഷ്യങ്ങൾ

1. പാഠ്യപദ്ധതി സമഗ്രമായി നടപ്പാക്കുക.

2. വിഷയ അറിവും പ്രായോഗിക കഴിവുകളും വിദ്യാർത്ഥികൾക്ക് നൽകുക.

3. മാതൃഭാഷ, ദേശീയ ഭാഷ, അന്താരാഷ്ട്ര ഭാഷ എന്നിവയിൽ പ്രാവീണ്യം വളർത്തുക.

4. ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ധാരണ ഉറപ്പാക്കുക.

5. വിശകലന ശേഷി, പ്രശ്ന പരിഹാര കഴിവ് വിമർശനാത്മക ചിന്ത വളർത്തുക.

6. സൃഷ്ടിപരമായ ചിന്താശേഷി വളർത്തുക.

7. വായന, എഴുത്ത്, സംസാരം, കേൾവി മെച്ചപ്പെടുത്തുക.

8. ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുവാൻ പരിശീലനം നൽകുക.

9. സാഹിത്യ, സാംസ്കാരികപരമായ ഭാഷാപ്രേമം വളർത്തുക.

10. സംഘബോധം, സഹനശേഷി, സഹിഷ്ണുത എന്നിവ വളർത്തുക.

11. ദേശീയത, പൗരബോധം, ജനാധിപത്യ മൂല്യങ്ങൾ ഉറപ്പാക്കുക.

12. കായിക - ശാരീരിക വിദ്യാഭ്യാസം വഴി ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുക.

13. കായിക മത്സരങ്ങളിലൂടെ ആത്മവിശ്വാസവും നേതൃത്വവും വളർത്തുക.

14. കലാപരമായ മേഖലകളിൽ കഴിവുകൾ വളർത്തുക.

15. സാംസ്കാരികപരമായ ദിനാചരണങ്ങൾ വഴി പാരമ്പര്യം സംരക്ഷിക്കുക.

16. കലോത്സവം, ശാസ്ത്രമേള മുതലായ പരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കുക.

17. ICT അധിഷ്ഠിത പഠനം നടപ്പിലാക്കുക.

18. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനം മൂലം നൂതന പഠന രീതി പ്രോത്സാഹിപ്പിക്കുക.

19. ആത്മ വിശ്വാസം, നേതൃത്വഗുണം സാമൂഹിക ഇടപെടൽ വളർത്തുക.

20. സത്യസന്ധത, ശുചിത്വം, ഉത്തരവാദിത്വം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

21. മതേതര സൗഹൃദം, സഹിഷ്ണുത ഉറപ്പാക്കുക.

22. പരിസ്ഥിതി ബോധം വളർത്തി പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

## സമഗ്രമായ ലക്ഷ്യം

"വിദ്യാർത്ഥികളെ അറിവിലും, കഴിവിലും, മൂല്യങ്ങളിലും വ്യക്തിത്വത്തിലും, സാമൂഹിക ഉത്തരവാദിത്തത്തിലും വളർത്തി നല്ല പൗരന്മാരാക്കി മാറ്റുക".

## പ്രവർത്തന കലണ്ടർ

| മാസം | അക്കാദമിക് പ്രവർത്തനങ്ങൾ | പരീക്ഷകൾ | സാംസ്കാരിക പ്രവർത്തനങ്ങൾ / ദിനാചരണങ്ങൾ |
|---|---|---|---|
| ജൂൺ | പ്രവേശനോത്സവം<br>പാഠ്യപദ്ധതി അവതരണം<br>കുട്ടികളെ പഠന അന്തരീക്ഷത്തിലേക്ക് നയിക്കൽ.<br>വായന മത്സരം, റോബോട്ടിക്, ഭാഷാ ക്ലബ്ബിനു തുടക്കം. | ക്ലാസ്സ് തല പരീക്ഷകൾ | പരിസ്ഥിതി ദിനാചരണം<br>വായന ദിനാചരണം<br>പി.ടി.എ. യോഗം, പി.ടി.എ. തെരഞ്ഞെടുപ്പ്. |
| ജൂലൈ | തുടർച്ചയായ പഠന പ്രവർത്തനങ്ങൾ, വായനയെ പരിപോഷിപ്പിക്കുന്നതിന് വായന മത്സരം, ലൈബ്രറി ഉപയോഗം.<br>പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപകർക്ക് SRG മീറ്റിംഗുകൾ. | യൂണിറ്റ് അടിസ്ഥാനത്തിൽ പരീക്ഷ. | ബഷീർ ദിനാചരണം |

| മാസം | അക്കാദമിക് പ്രവർത്തനങ്ങൾ | പരീക്ഷകൾ | സാംസ്കാരിക പ്രവർത്തനങ്ങൾ/ ദിനാചരണങ്ങൾ |
|---|---|---|---|
| ആഗസ്റ്റ് | ഒന്നാം പാദ പരീക്ഷയ്ക്കുള്ള റിവിഷൻ. SRG മീറ്റിംഗ്. വായന മത്സരം ക്ലാസ്സ് തലത്തിൽ. ക്ലാസ്സ് പി.ടി.എ. യോഗം ചേരൽ. | ഒന്നാം പാദവാർഷിക പരീക്ഷ | സ്വാതന്ത്ര്യ ദിനാഘോഷം വിവിധ മത്സരങ്ങൾ ക്വിസ്, പ്രസംഗം, ചിത്രരചന, ദേശീയ ഗാനം ആലാപനം, ദേശ ഭക്തി ഗാന ആലാപനം [illegible], ഫാൻസി ഡ്രസ്സ്, ഡാൻസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ. ഓണാഘോഷം. |
| സെപ്തംബർ | ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കൽ, രണ്ടാംപാദത്തിലേക്കുള്ള പഠനപ്രവർത്തനങ്ങളുടെ തുടക്കം, പരീക്ഷയിലെ റാങ്ക് ജേതാക്കളെ അനുമോദിക്കൽ, പി.ടി.എ. യോഗം സംഘടിപ്പിക്കൽ. വായന മത്സരം. LSS പരീക്ഷയ്ക്കുള്ള പരിശീലനം ആരംഭം. | ക്ലാസ്സ് തല പരീക്ഷകൾ | അധ്യാപക ദിനം. സ്കൂൾ തല ശാസ്ത്രമേള, കലോത്സവം സംഘടിപ്പിക്കൽ |

| മാസം | അക്കാദമിക് പ്രവർത്തനങ്ങൾ | പരീക്ഷകൾ | സാംസ്കാരിക പ്രവർത്തനങ്ങൾ/ദിനാചരണങ്ങൾ |
|---|---|---|---|
| ഒക്ടോബർ | പഠന പ്രവർത്തനങ്ങളുടെ തുടർച്ച വായന മത്സരം ക്ലാസ്സ് തലത്തിൽ. കൈയ്യക്ഷര മത്സരം ക്ലാസ്സ് തലത്തിൽ SRG മീറ്റിംഗ്, ക്ലാസ്സ് പി.ടി.എ പ്രവൃത്തി പരിചയ പരിശീലനം. | മാസതല പരീക്ഷ. | സ്കൂൾ തല കായിക മേള. ഉപജില്ലാ തല കായിക മേള, ശാസ്ത്രമേള. പഠനയാത്രകൾ. ഗാന്ധിജയന്തി - യോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ, ക്വിസ്, പ്രസംഗ മത്സരങ്ങൾ. |
| നവംബർ | പഠന പ്രവർത്തനങ്ങളുടെ തുടർച്ച. വായന പരിപോഷി- പ്പിക്കൽ, ചിത്ര രചന, പ്രവൃത്തി പരിചയം എന്നിവയിൽ പരിശീലനം നൽകൽ. ക്ലാസ്സ് പി.ടി.എ ചേരൽ | ക്ലാസ്സ്തല പരീക്ഷ, റിവിഷൻ പരീക്ഷകൾ | കേരളപ്പിറവി ആഘോഷം ഉപജില്ലാതല കലോത്സവം. ശിശുദിനാഘോഷം. |
| ഡിസംബർ | രണ്ടാം പാദ വാർഷിക പരീക്ഷയ്ക്ക് മുന്നോടിയായുള്ള റിവിഷൻ ക്ലാസ്സുകൾ വായന, കൈയ്യെഴുത്ത് മത്സരം ക്ലാസ്സ് പി.ടി.എ. | രണ്ടാം പാദവാർഷിക പരീക്ഷ. | ക്രിസ്തുമസ് ആഘോഷം. |

| മാസം | അക്കാദമിക പ്രവർത്തനങ്ങൾ | പരീക്ഷകൾ | സാംസ്കാരിക പ്രവർത്തനങ്ങൾ / ദിനാചരണങ്ങൾ. |
|---|---|---|---|
| ജനുവരി | വാർഷിക പരീക്ഷയുടെ പഠന പ്രവർത്തനങ്ങൾക്ക് തുടക്കം. ക്ലാസ്സ് പി.ടി.എ. രണ്ടാം പാദവാർഷിക പരീക്ഷയിലെ കുട്ടികളെ അനുമോദിക്കൽ. അങ്ങനെ ബെൽറ്റ് ഗ്രേഡിംഗ് വായന മത്സരം, SRG മീറ്റിംഗ് | ക്ലാസ്സ് തല പരീക്ഷകൾ | വാർഷിക ആഘോഷം, റിപ്പബ്ലിക് ദിനാഘോഷം |
| ഫെബ്രുവരി | പഠന പ്രവർത്തനങ്ങളുടെ തുടർച്ച. വായന, കൈയ്യക്ഷര മത്സരങ്ങൾ ക്ലാസ്സ് പി.ടി.എ., SRG മീറ്റിംഗ് | മാസതല പരീക്ഷ. | ദേശീയ ശാസ്ത്രദിനം |
| മാർച്ച് | വാർഷിക പരീക്ഷയുടെ നിർവഹണത്തിന് തുടക്കം. ക്ലാസ്സ് പി.ടി.എ, SRG മീറ്റിംഗ് സംഘടിപ്പിക്കൽ | വാർഷിക പരീക്ഷ | വനിതാ ദിനാചരണം. |

| മാസം | അക്കാദമിക് പ്രവർത്തനങ്ങൾ | പരീക്ഷകൾ | സാംസ്കാരിക പ്രവർത്തനങ്ങൾ / ദിനാചരണങ്ങൾ. |
|---|---|---|---|
| ഏപ്രിൽ | പുതിയ അധ്യയന വർഷത്തേക്കുള്ള തയ്യാറെടുപ്പ്. വാർഷിക പരീക്ഷയുടെ മൂല്യ നിർണ്ണയം, പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കൽ. അധ്യാപകർക്ക് ട്രെയിനിംഗ്. | – | – |
| മെയ് | ഫല പ്രസിദ്ധീകരണം. അധ്യാപക പരിശീലനം. പി.ടി.എ യോഗം ചേരൽ. അധ്യാപക, മാനേജ്മെന്റ് യോഗം. പുതിയ അധ്യയന വർഷത്തേക്കുള്ള സമഗ്ര ആസൂത്രണം. | | |

# ഉപസംഹാരം

2025 - 26 അധ്യയന വർഷത്തെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾക്കും, ദിനാചരണങ്ങൾക്കും, മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനും വ്യക്തമായ ഊന്നൽ നൽകും. വിദ്യാർത്ഥികളുടെ അറിവും, കഴിവും വർദ്ധിപ്പിക്കും. സൃഷ്ടിപരമായ ചിന്താശേഷിയും, വിമർശനാത്മക മനോഭാവവും വളർത്തും. സാമൂഹിക ഉത്തര- വാദിത്തവും മൂല്യങ്ങളും ഉറപ്പാക്കുവാനും, അധ്യാപകരുടെ മാർഗ്ഗനിർദ്ദേശങ്ങൾ വഴി വളർച്ച സാധ്യമാക്കുവാനും കഴിയുന്നു. വിദ്യാർത്ഥികളെ അറിവിലും കഴിവിലും, മൂല്യങ്ങളിലും, വ്യക്തിത്വത്തിലും സമഗ്രമായി വളർത്തി, സമൂഹത്തിന് ഉത്തരവാദിത്തമുള്ള നല്ല പൗരന്മാരാക്കി തീർക്കുക.